## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 337.

25.06.2018 -ലെ മറുപടിക്ക്.

### പുതിയ തൊഴിൽനയം

ചോദ്യം

**ശ്രീ.വി. അബ്ദുറഹിമാൻ**
**ശ്രീ.ഇ.പി.ജയരാജൻ**
**ശ്രീ.എം. നൗഷാദ്**
**പ്രൊഫ.കെ.യു. അരുണൻ**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഫലമായി തൊഴിൽ മേഖലയാകെ അരക്ഷിതാവസ്ഥയിലായിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ സംസ്ഥാന സർക്കാർ പുതുതായി കൊണ്ടുവന്ന തൊഴിൽ നയം ഏതുവിധത്തിൽ തൊഴിലാളികളുടെ ജീവിത സുരക്ഷ ഉറപ്പാക്കുന്നുവെന്ന് വ്യക്തമാക്കാമോ ; | (എ) | ഉൽപ്പാദന ക്ഷമതയിലൂന്നിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിൽ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യുക, മെച്ചപ്പെട്ട വേതനം ലഭിക്കത്തക്ക തൊഴിലവസരങ്ങളിൽ സ്ത്രീകൾക്ക് കൂടുതൽ അവസരം സൃഷ്ടിച്ച് ലിംഗ സമത്വം ഉറപ്പുവരുത്തുക, തൊഴിലാളികൾക്ക് ന്യായമായ വേതനവും ആരോഗ്യ സുരക്ഷയും ഉറപ്പാക്കുക, തൊഴിലിടങ്ങളിലെ വൃത്തിയും ശുചിത്വവും ഉറപ്പ വരുത്തി മികച്ച തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക, വേതന സുരക്ഷ നടപ്പാക്കിയും സേവന കാലയളവിലും അതിനുശേഷവും സാമ്പത്തിക ഭദ്രതയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തിയും തൊഴിലാളികളുടെ നിയമപരമായ അവകാശങ്ങൾ സംരക്ഷിച്ചും തൊഴിൽ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് തൊഴിൽ വകുപ്പിനെ സജ്ജമാക്കുക. സമസ്ത മേഖലയിലും തൊഴിലാളികൾക്ക് മാന്യമായ വേതനവും സാമൂഹ്യസുരക്ഷയും ഉറപ്പുവരുത്തുക എന്നിവയിലൂടെ തൊഴിലാളികളുടെ ജീവിതസുരക്ഷ ഉറപ്പാക്കാനാണ് തൊഴിൽ നയത്തിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | സർക്കാർ ധനസഹായത്തോടെയും അല്ലാതെയും പ്രവർത്തിക്കുന്ന വിവിധ ക്ഷേമനിധി ബോർഡുകൾ നടത്തിയ പ്രവർത്തനം വിശദമാക്കാമോ; അസംഘടിത മേഖലയിലെ തൊഴിലാളികളെയെല്ലാം ക്ഷേമപദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തുവാൻ സാധ്യമായിട്ടുണ്ടോ ; | (ബി) | തൊഴിൽ വകുപ്പിനു കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ നിലവിലുണ്ട്. 75 ലക്ഷത്തോളം തൊഴിലാളികൾ നിലവിൽ ടി ബോർഡുകളിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി ക്ഷേമനിധി ബോർഡുകൾ വഴി പെൻഷൻ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, മരണാന്തര ധനസഹായം, അപകട ചികിത്സാ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, എന്നിങ്ങനെ നിരവധി ആനുകൂല്യങ്ങൾ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകിവരുന്നു. |

| | | | |
|---|---|---|---|
| | | | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷേമനിധി ബോർഡുകൾ സർക്കാർ ധനസഹായത്തോടെയാണ് പെൻഷൻ നൽകിവരുന്നത്. ഈ ബോർഡുകളുടെ പ്രവർത്തനങ്ങൾ തൊഴിൽ വകുപ്പ് മുഖേന ഏകോപിപ്പിക്കുകയും സർക്കാർ തലത്തിൽ കാലാകാലങ്ങളിൽ വിലയിരുത്തുകയും ചെയ്യുന്നുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികളെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യസുരക്ഷാ ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| **(സി)** | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം മിനിമം വേതനം പുതുക്കി നിശ്ചയിക്കാനും അത് തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ? | **(സി)** | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 23 തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ മിനിമം വേതനം പുതുക്കി നിശ്ചയിക്കേണ്ട 27 മേഖലകളിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സബ് കമ്മിറ്റികൾ രൂപീകരിച്ച് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് 1948 ലെ മിനിമം വേതന നിയമം, 1958 ലെ മിനിമം വേതന ചട്ടങ്ങൾ എന്നിവ നിലവിലുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം സ്ഥാപന പരിശോധനകൾ, സ്ക്വാഡ് പരിശോധനകൾ എന്നിവ നടത്തുമ്പോൾ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ച മിനിമം വേതനം ലഭിക്കുന്നുണ്ടോയെന്നും, മിനിമം വേതന നിയമപ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുവെന്നും ഉറപ്പുവരുത്താറുണ്ട്. കൂടാതെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനും വേതന വിതരണത്തിൽ സുതാര്യത ഉറപ്പുവരുത്തുന്നതിലേക്കുമായി വേതന സുരക്ഷ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ